# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4518** **26.06.2014 ൽ മറുപടിക്ക്**

## വിലക്കയറ്റം തടയുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | അവശ്യസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങളിലെത്തിക്കുന്നതിനും വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിനും സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിപണിയിൽ ഇടപെടുന്നതിന് പ്രതിമാസം എത്ര രൂപ ചെലവഴിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) | സർക്കാരിന്റെ മാർക്കറ്റിടപെടൽ പദ്ധതി നടപ്പാക്കുന്നതിനായി 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് പ്രതിമാസം ഏകദേശം 25 കോടി രൂപ സപ്ലൈകോ ചെലവഴിക്കുന്നുണ്ട് . |
| (ബി) | റംസാൻ, ഓണം തുടങ്ങിയ ആഘോഷങ്ങൾ അടുത്തതിനാൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിലനിയന്ത്രണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (ബി) | കഴിഞ്ഞ കൊല്ലങ്ങളിലെന്നപോലെ ഈ കൊല്ലവും റംസാൻ-ഓണക്കാലത്ത് അവശ്യവസ്തുക്കളുടെ പൊതുവിപണി വില വർദ്ധനവ് നിയന്ത്രിക്കുന്നതിനായും ഉപഭോക്താക്കൾക്ക് ഉൽസവകാലത്ത് ന്യായവിലയ്ക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി സജീവമായി രംഗത്തിറങ്ങാൻ സപ്ലൈകോ തയ്യാറെടുപ്പ് തുടങ്ങിക്കഴിഞ്ഞു. ജൂലൈ 23 മുതൽ 46 ദിവസം നീണ്ടുനിൽക്കുന്ന ആറ് ( 6) റംസാൻ ഓണം മെട്രോ ഫെയറുകൾ നടത്തുന്നതാണ്. കൂടാതെ റംസാൻ കാലത്ത് കേരളത്തിലുടനീളം 60 ഓളം റംസാൻ ഫെയറുകൾ വിൽപ്പനശാലകളോടനുബന്ധിച്ച് നടത്തുന്നതാണ്. റംസാൻ കാലത്ത് ആവശ്യമായ നെയ്യ്, ബിരിയാണി അരി തുടങ്ങിയ എല്ലാ ഭക്ഷ്യവസ്തുക്കളും റംസാൻ ഫെയറുകളിൽ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതാണ്. 37 ദിവസം |

നീണ്ടു നിൽക്കുന്ന ജില്ലാതല ഓണം ഫെയറുകൾ, പിന്നെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഓണം മാർക്കറ്റുകൾ / സ്പെഷ്യൽ ഫെയറുകൾ തുടങ്ങിയവയിൽ ഉത്സവകാലത്ത് ആവശ്യമായ പച്ചക്കറി ഉൾപ്പെടെ എല്ലാ ഭക്ഷ്യഉൽപന്നങ്ങളും ന്യായ വിലയ്ക്ക് സപ്ലൈകോ ലഭ്യമാക്കുന്നതാണ്. കൂടാതെ സപ്ലൈകോയുടെ എല്ലാ വിൽപനശാലകളും ഉത്രാടം നാൾ വരെ നീണ്ടുനിൽക്കുന്ന ആറു ദിവസങ്ങളിൽ മിനിഫെയറുകളായി പ്രവർത്തിക്കുന്നതാണ്. സപ്ലൈകോ വിൽപനശാലകളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും അഞ്ചു ദിവസം നീണ്ടു നിൽക്കുന്ന ഓണം മിനി ഫെയറുകൾ സംഘടിപ്പിക്കുന്നതാണ്. അവശ്യ ഭക്ഷ്യ വസ്തുക്കൾ കൂടിയ തോതിൽ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ഉൽസവക്കാലത്ത് ലഭ്യമാക്കുന്നതിലൂടെ കരിഞ്ചന്ത, കൃത്രിമമായ വിലക്കയറ്റം തുടങ്ങിയവ ഒഴിവാക്കാനും സപ്ലൈകോയുടെ സജീവമായ വിപണിയിടപെടൽ കൊണ്ട് സാധിക്കും.

Beena

**സെക്ഷൻ ഓഫീസർ**